പകതി	എ.	സെ.
കളക്കട	൧൫൩	൧൨
എഴകോൺ	൩൪൪	—
വെളിയം	൧൭൦	൧൪
ഉമ്മന്നൂർ	൧൧൧	൪൭
വെളിനല്ലൂർ	൧൪൩	—
ചടയമംഗലം	൧൩൭	൬൦
കുന്നിം	൧൩൪	൩൧
മൈലം	൩൩	൩

(സി) നിയമപ്രകാരമുള്ള അനുവാദത്തോടുകൂടി പ്രവേശിക്കാം.

പുറംപോക്കുസ്ഥലങ്ങൾ

*൫൨൯. (൫൩) ശ്രീ. ആർ. അച്യുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

(എ) കൊട്ടാരക്കര താലൂക്കിന്റെ പലഭാഗങ്ങളിലുള്ള പുറംപോക്കു സ്ഥലങ്ങളിൽ പ്രവേശിച്ചു് ദേഹണ്ഡിക്കുന്ന സാധുക്കളെ ഇറക്കിവിട്ടു് സ്വാധീനശക്തിയുള്ളവർക്കു് കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തുവരുന്നുവെന്നുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഭൂമിയെടുപ്പു്

*൫൩൦. (൫൯) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(ബി) പത്തനംതിട്ട താലൂക്കിൽ പേന്നു റാന്നി അങ്ങാടി പമ്പിക്കു് വരത്തയിൽനിന്നും ഏറുകടവിലേക്കുള്ള ഇടുങ്ങിയ വഴി വീതികൂട്ടുന്നതിനാവശ്യമായ ഭൂമി എടുത്തു് സഹായിക്കുന്നതിനും, അതിന്റെ പൊന്നും വില കെട്ടിവയ്ക്കാൻ സമ്മതിച്ചു, റാന്നി വില്ലേജു് യൂണിയനു് നേരിട്ടു് അപേക്ഷകരെ ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടികളാ കൈക്കൊണ്ടു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെൻറിലേക്കു് എടുത്തിട്ടുള്ള നെല്ലു്

*൫൩൨. (൫൦) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സിവിലിസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൯ മാച്ചിനുശേഷം തിരുവിതാംകൂർ–കൊച്ചി സംസ്ഥാനങ്ങളിലായി എത്ര പറ നെല്ലു് താലൂക്കടിസ്ഥാനത്തിൽ ഏറ്റെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly